**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1248** **18-01-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ പഠനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് വിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് 19 ലോക്ഡൗൺ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാത്തതിനാൽ കൈറ്റ് വിക്ടേഴ്സ് ചാനൽ, വിക്ടേഴ്സിന്റെ വെബ്സൈറ്റ്, മൊബൈൽ ആപ്, സോഷ്യൽ മീഡിയ പേജുകൾ തുടങ്ങി സാധ്യമായ മാർഗങ്ങളിലൂടെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലേയ്ക്ക് കൃത്യമായ രീതിയിൽ പാഠഭാഗങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പ്രഗത്ഭരായ, അദ്ധ്യാപകരെ സംസ്ഥാനതലത്തിൽ കണ്ടെത്തി ഓരോ പാഠഭാഗവും സൂക്ഷ്മമായി ആസൂത്രണം ചെയ്ത് (സ്ക്രിപ്റ്റ് തയ്യാറാക്കി), ഡിജിറ്റൽ ഉള്ളടക്കം ചേർന്ന് അവ എസ്.സി.ഇ.ആർ.ടി.-യിലെ വിദഗ്ധ ടീം എഡിറ്റിംഗ്, വെറ്റിംഗ് എന്നിവ നടത്തിയാണ് സംപ്രേഷണം ക്ലാസ്സുകൾ ചെയ്യുന്നത്. കൂടാതെ തുടർ പ്രവർത്തനം നടത്തുന്നതിനാവശ്യമായ വർക്കുഷീറ്റുകൾ എസ്.എസ്.കെ. തയ്യാറാക്കി കുട്ടികൾക്കെത്തിച്ചിട്ടുണ്ട്. |
| (ബി) | വിക്ടേഴ്സ് ചാനൽവഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകളിലൂടെ കുട്ടികൾ നേടിയ അറിവുകൾ പരിശോധിക്കുന്നതിനും മൂല്യനിർണ്ണയം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകളെത്തുടർന്ന് അദ്ധ്യാപകർ കുട്ടികൾക്കാവശ്യമായ പിന്തുണ നല്കി വരുന്നു. ആശയഗ്രഹണം പൂർണമായി സാധ്യമാകുന്നതിനാവശ്യമായ വിഭവങ്ങൾ അദ്ധ്യാപകർ തന്നെ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് കുട്ടികൾക്കെത്തിച്ചുകൊടുക്കുന്നുണ്ട്. ഓരോ പാഠഭാഗത്തിനും അനുബന്ധമായ വർക്കു ഷീറ്റുകളും കുട്ടികൾക്കു നൽകുന്നുണ്ട്. |
| (സി) | ഒൻപതാം ക്ലാസ്സ് വരെയുള്ള വർഷാന്ത്യപരീക്ഷ നടത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദീകരിക്കുമോ; അദ്ധ്യയന വർഷത്തിന്റെ | (സി) | ഒൻപതാം ക്ലാസ്സ് വരെയുള്ള വർഷാന്ത്യപരീക്ഷ നടത്തുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. അദ്ധ്യയന വർഷത്തിന്റെ കാലയളവ് |

| | | | |
|---|---|---|---|
| | കാലയളവ് ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ? | | ദീർഘിപ്പിക്കുന്നത് സംബന്ധിച്ചും തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ